# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.05.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ടു ദിവസത്തെ സ്വീഡൻ സന്ദർശനത്തിന് ഇന്ന് തുടക്കമാകും; സ്വീഡിഷ് പ്രധാനമന്ത്രി ഉൾഫ് ക്രിസ്റ്റേഴ്സണുമായി ഉഭയകക്ഷി ചർച്ച നടത്തും.
   **PM Narendra Modi to Begin Two-Day Sweden Visit Today; Bilateral Talks with Swedish PM Ulf Kristersson Scheduled.**

2. കേരളത്തിൽ വി ഡി സതീശന്റെ നേതൃത്വത്തിലുള്ള യു ഡി എഫ് മന്ത്രിസഭ നാളെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും; മന്ത്രിസഭ സംബന്ധിച്ച ചർച്ചകളും ഒരുക്കങ്ങളും അന്തിമഘട്ടത്തിൽ.
   **V D Satheesan-Led UDF Government to Take Oath in Kerala Tomorrow; Cabinet Formation Talks in Final Stages.**

3. ലക്ഷദ്വീപിലെയും ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെയും മത്സ്യബന്ധന മേഖലയിൽ നൂതന പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാനൊരുങ്ങി കേന്ദ്ര സർക്കാർ.
   **Centre Set to Implement Advanced Reforms in Lakshadweep and Andaman & Nicobar Fishing Sector.**

4. ഉയർന്ന രക്തസമ്മർദ്ദത്തെക്കുറിച്ച് ആഗോളതലത്തിൽ അവബോധം വളർത്തുന്നത് ലക്ഷ്യമിട്ട് ഇന്ന് ലോക രക്താതിമർദ്ദ ദിനം.
   **World Hypertension Day Observed Today to Raise Global Awareness About High Blood Pressure.**

5. കേരളത്തിൽ ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കു സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്; 9 ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരള -കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

IMD Predicts Isolated Heavy Rainfall in Kerala Today; Yellow Alert in 9 Districts, Fishing Banned along Kerala-Karnataka-Lakshadweep coasts till Wednesday.

6. **ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് -റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെയും, ഡൽഹി ക്യാപിറ്റൽസ് -രാജസ്ഥാൻ റോയൽസിനെയും നേരിടും.**

In IPL Cricket, Punjab Kings to Face Royal Challengers Bengaluru; Delhi Capitals to Take on Rajasthan Royals Today.

==================================================

**DAY PM VISIT – (INTRO)**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദ്വിദിന സ്വീഡൻ സന്ദർശനം ഇന്ന് ആരംഭിക്കും. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ പ്രാബല്യത്തിൽ വന്ന ശേഷമുള്ള യൂറോപ്യൻ രാജ്യങ്ങളിലേക്കുള്ള പ്രധാനമന്ത്രിയുടെ സന്ദർശനം പുരോഗമിക്കുകയാണ് ...

**വിശദാംശങ്ങളിലേക്ക് ....**

**(VOICE............)**

സ്വീഡിഷ് പ്രധാനമന്ത്രി ഉൾഫ് ക്രിസ്റ്റേഴ്സണുമായി കൂടിക്കാഴ്ച നടത്തുന്ന പ്രധാനമന്ത്രി വ്യാപാരം, നിർമ്മിത ബുദ്ധി , സാങ്കേതിക വിദ്യ, സ്റ്റാർട്ടപ്പുകൾ, വിതരണ ശൃംഖലകൾ, പ്രതിരോധം, ബഹിരാകാശം, കാലാവസ്ഥാ എന്നിവ സംബന്ധിച്ച ഉഭയകക്ഷി ചർച്ചകൾ നടത്തും. യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയ്നൊപ്പം ഇരു നേതാക്കളും യൂറോപ്യൻ റൗണ്ട് ടേബിൾ ഫോർ ഇൻഡസ്ട്രിയെ അഭിസംബോധന ചെയ്ത് സംസാരിക്കും. 2025-ൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം 7.75 ബില്യൺ യു.എസ് ഡോളർ എന്ന റെക്കോർഡ് നേട്ടത്തിലെത്തിയിരിന്നു. രണ്ടു ദിവസത്തെ നെതർലാൻഡ്സ് സന്ദർശന ശേഷമാണ് ശ്രീ മോദി സ്വീഡനിലെത്തിയത്, ഡച്ച് രാജകുടുംബവുമായി കൂടിക്കാഴ്ച നടത്തിയ അദ്ദേഹം , ചോള കാലഘട്ടത്തിലെ ചെമ്പ് ഫലകങ്ങൾ ഔദ്യോഗികമായി ഇന്ത്യയ്ക്ക് തിരികെ നൽകുന്ന ചടങ്ങിന് നെതർലാൻഡ്സ് പ്രധാനമന്ത്രിയോടൊപ്പം സാക്ഷ്യം വഹിച്ചു. കൂടാതെ വ്യാപാരം, പ്രതിരോധം, സാങ്കേതികവിദ്യ, ഊർജ്ജം, ആരോഗ്യ സംരക്ഷണം,

വിദ്യാഭ്യാസം എന്നിവയിലെ സഹകരണത്തിനും ധാരണയായി.
ന്യൂസ് ഡെസ്ക് ആകാശവാണി...

==============================================

**SC JUDGES**

സുപ്രീം കോടതിയിലെ ജഡ്ജിമാരുടെ എണ്ണം 33-ൽ നിന്നും 37 ആയി വർദ്ധിപ്പിക്കുന്നതിന് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകി. സുപ്രീം കോടതി (നമ്പർ ഓഫ് ജഡ്ജസ്) ഭേദഗതി ഓർഡിനൻസ്, 2026 പുറപ്പെടുവിച്ചുകൊണ്ടാണ് ഈ നടപടി. ഈ ഭേദഗതിയോടെ ചീഫ് ജസ്റ്റിസ് ഉൾപ്പെടെ പരമോന്നത കോടതിയിലെ ആകെ ജഡ്ജിമാരുടെ എണ്ണം 38 ആയി ഉയരും.

==============================================

**KERALA-CABINET**

കേരള മുഖ്യമന്ത്രിയായി വി ഡി സതീശൻ നാളെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. മന്ത്രിസഭയിൽ ആരൊക്കെ എന്നതിൽ അന്തിമ തീരുമാനം ഉടനുണ്ടാകുമെന്നാണ് സൂചന. നിയുക്ത മുഖ്യമന്ത്രി വി ഡി സതീശൻ മന്ത്രിമാരുടെ പട്ടിക ഗവർണർക്ക് ഇന്ന് തന്നെ കൈമാറാനാണ് സാധ്യത. സത്യപ്രതിജ്ഞ ചടങ്ങിനായുള്ള ഒരുക്കങ്ങൾ തലസ്ഥാനത്ത് അവസാന ഘട്ടത്തിലാണ്. സെൻട്രൽ സ്റ്റേഡിയത്തിൽ ഒരുക്കുന്ന പന്തലിന്റെ നിർമ്മാണം ഇന്ന് പൂർത്തിയാകും. തമിഴ് നാട് മുഖ്യമന്ത്രി അടക്കമുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർക്കും ചടങ്ങിലേക്ക് ക്ഷണമുണ്ട്.

==============================================

**PM VIKAS- NIT CALICUT**

പി.എം വികാസ് പദ്ധതിക്ക് എൻ.ഐ.ടി കാലിക്കറ്റിൽ തുടക്കമാകുന്നു.നാളെ നടക്കുന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനവും ധാരണാപത്രം കൈമാറലും നിർവഹിക്കും.ന്യൂനപക്ഷ മന്ത്രാലയത്തിന് കീഴിലുള്ള ഈ പദ്ധതിയിലൂടെ പരമ്പരാഗത തൊഴിൽ മേഖലകളിലുള്ളവർക്കും ന്യൂനപക്ഷ സമൂഹത്തിലെ യുവതി യുവാക്കൾക്കും ആധുനിക കാലത്തെ തൊഴിൽ നൈപുണ്യങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യം.

==============================================

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31-ന്. പരിപാടിയുടെ 134-ാം പതിപ്പ് ആണിത് . പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നരേന്ദ്ര മോദി മൊബൈൽ ആപ്പിലൂടെയോ , My gov ഓപ്പൺ ഫോറത്തിലൂടെയോ സമർപ്പിക്കാം.. നിർദേശങ്ങൾ ഈ മാസം 29 വരെ സ്വീകരിക്കും.

=====================================================

## BREAK..........

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

=====================================================

## AIR 90 CYCLATHONE

ഇന്ത്യൻ ബ്രോഡ് കാസ്റ്റിങ് സർവീസ്, ഓൾ ഇന്ത്യ റേഡിയോ എന്ന പേര് സ്വീകരിച്ചതിൻറെ തൊണ്ണൂറാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയം സംഘടിപ്പിച്ച സൈക്ലത്തോൺ ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ ഫ്ലാഗ് ഓഫ് ചെയ്തു. ജീവനക്കാരും പൊതുജനങ്ങളും ഉൾപ്പെടെ നൂറോളം പേർ സൈക്ലത്തോണിൽ പങ്കെടുത്തു.

=====================================================

## WEATHER - KERALA

കേരളത്തിൽ ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കു സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഇന്നു മഞ്ഞ ജാഗ്രതയാണ്. കേരളം – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മൽസ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്നു മുന്നറിയിപ്പ് നൽകി. ഈ പ്രദേശങ്ങളിൽ ഈ മാസം 20 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

==============================================

## LAKSHADWEEP-WEATHER (INTRO)

ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ ദ്വീപ് സമൂഹങ്ങളിലെ മത്സ്യബന്ധന മേഖലയിൽ കേന്ദ്ര സർക്കാരിൻ്റെ പ്രത്യേക മേൽ നോട്ടത്തിൽ നൂതന പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാനൊരുങ്ങുന്നതായി ലക്ഷദ്വീപ് ഫിഷറീസ് വകുപ്പ് അറിയിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് പ്രതിനിധി അബ്ദുൾ സലാം....**

**(വോയിസ്.............)**

==============================================

## WORLD HYPERTENSION DAY

ഇന്ന് ലോക രക്താതിമർദ്ദ ദിനമായി ആചരിക്കുന്നു. ഉയർന്ന രക്തസമ്മർദ്ദത്തെക്കുറിച്ച് ആഗോളതലത്തിൽ അവബോധം വളർത്തുക, പ്രതിരോധം, നിയന്ത്രണം എന്നിവ ലക്ഷ്യമിട്ടുള്ള രക്താതിമർദ്ദ അവബോധ മാസത്തിന്റെ ഭാഗമാണ് ഈ ദിനം. "രക്താതിമർദ്ദത്തെ ഒരുമിച്ച് നിയന്ത്രിക്കാം: നിങ്ങളുടെ രക്തസമ്മർദ്ദം പതിവായി പരിശോധിക്കുക, ഈ നിശബ്ദ കൊലയാളിയെ പരാജയപ്പെടുത്തുക" എന്നതാണ് ഈ വർഷത്തെ പ്രമേയം. ആഗോളതലത്തിൽ ഏകദേശം 140 കോടി പേർ രക്താതിമർദ്ദത്തോടെ ജീവിക്കുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

==============================================

## WORLD TELECOMMUNICATION DAY

ഇന്ന് ലോക ടെലികമ്മ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ സൊസൈറ്റി ദിനം.1865-ൽ പാരീസിൽ വെച്ച് ഇന്റർനാഷണൽ ടെലികമ്മ്യൂണിക്കേഷൻ യൂണിയൻ സ്ഥാപിതമായതിൻ്റെ സ്മരണാർത്ഥമാണ് ഈ ദിനം ആഘോഷിക്കുന്നത്.

==============================================

## CENSUS – HOUSING CENSUS – (INTRO)

രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന സെൻസസ് നടപടികളുടെ ഭാഗമായി, 2027-ലെ സെൻസസിൻ്റെ ഒന്നാം ഘട്ടത്തിന് കീഴിലുള്ള ഭവന സെൻസസ്, ഭവനങ്ങളുടെ പട്ടികപ്പെടുത്തൽ എന്നിവ

ഉൾപ്പെടുന്ന  ഫീൽഡ് പ്രവർത്തനങ്ങൾ അഞ്ച് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ആരംഭിച്ചു.

**ഒരു റിപ്പോർട്ട്.........**

**(VOICE.......)**

രാജസ്ഥാൻ, മേഘാലയ, മഹാരാഷ്ട്ര, ഝാർഖണ്ഡ്, കൂടാതെ ഡൽഹി എൻസിടിയിലെ മുൻസിപ്പൽ കോർപ്പറേഷൻ ഓഫ് ഡൽഹി മേഖല എന്നിവടങ്ങളിലാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. അതേസമയം ആന്ധ്രാപ്രദേശ്, അരുണാചൽ പ്രദേശ്, ബിഹാർ, ചണ്ഡീഗഢ്, ഛത്തീസ്ഗഢ്, ദാദ്ര ആൻഡ് നഗർ ഹവേലി - ദാമൻ ആൻഡ് ദിയു, ഹരിയാന, മധ്യപ്രദേശ്, പഞ്ചാബ്, തെലങ്കാന, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ എന്യൂമറേറ്റർമാരുടെ വീടുവീടാന്തരമുള്ള ഭവന പട്ടികപ്പെടുത്തൽ  പ്രവർത്തനങ്ങൾ നിലവിൽ പുരോഗമിക്കുകയാണ്. വീടുവീടാന്തരമുള്ള കണക്കെടുപ്പ് രീതി നിലനിർത്തിക്കൊണ്ടുതന്നെ, ആദ്യമായി ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിച്ചാണ് സെൻസസ് 2027 നടത്തുന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു. ഫീൽഡ് സന്ദർശന വേളയിൽ, വിജ്ഞാപനം ചെയ്ത 33 ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലിയിലൂടെ പാർപ്പിട അവസ്ഥകൾ, കുടുംബ വിവരങ്ങൾ, ലഭ്യമായ സൗകര്യങ്ങൾ, കുടുംബങ്ങളുടെ ആസ്തികൾ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ശേഖരിക്കുന്നത്. 25 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ഒരുകോടി 44 ലക്ഷത്തിലധികം കുടുംബങ്ങൾ ഔദ്യോഗിക പോർട്ടൽ വഴി സെൽഫ് എന്യൂമറേഷൻ പൂർത്തിയാക്കിക്കഴിഞ്ഞു. ഈ നീക്കം സെൻസസ് നടപടികളുടെ ഡിജിറ്റൽവൽക്കരണത്തിലേക്കുള്ള സുപ്രധാന ചുവടുവെപ്പാണ്.

ന്യൂസ്ഡെസ്ക്, ആകാശവാണി...

========================================================

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ  ഇന്നു രണ്ടു മത്സരങ്ങൾ. വൈകിട്ട് 3:30 ന് ധരംശാലയിൽ  നടക്കുന്ന ആദ്യ മത്സരത്തിൽ പഞ്ചാബ് കിംഗ്സ് - റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും . മറ്റൊരു

മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് -രാജസ്ഥാൻ റോയൽസിനെ നേരിടും. രാത്രി 7:30 ന് ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് 29 റൺസ് ജയം നേടി.

==================================================

## UN– INDIA CONDEMNS HORMUZ ATTACK

ഹോർമുസ് കടലിടുക്കിലെ വാണിജ്യ കപ്പലുകൾക്ക് നേരെയുള്ള ആക്രമണങ്ങളെ ശക്തമായി അപലപിച്ച് ഇന്ത്യ. സിവിലിയൻ ജീവനക്കാരെ ലക്ഷ്യമിടുന്നതും കപ്പൽ ഗതാഗത സ്വാതന്ത്ര്യം തടസ്സപ്പെടുത്തുന്നതും ന്യായീകരിക്കാൻ കഴിയില്ലെന്ന് യുഎന്നിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പർവതനേനി ഹരീഷ് പറഞ്ഞു. ആഗോള ഊർജ്ജ, വിതരണ ശൃംഖലകൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന ഐക്യരാഷ്ട്രസഭയുടെ സാമ്പത്തിക സാമൂഹിക കൗൺസിലിന്റെ പ്രത്യേക യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒമാൻ തീരത്ത് ഇന്ത്യൻ പതാക വഹിച്ച വാണിജ്യ കപ്പലിന് നേരെ ആക്രമണം നടന്ന് ദിവസങ്ങൾക്ക് ശേഷമാണ് ശ്രീ ഹരീഷിൻറെ പരാമർശം.

==================================================

## CONGO – EBOLA

കോംഗോയിലെ ഇറ്റൂരിയിൽ പ്രവിശ്യയിൽ എബോള വൈറസിൻറെ പുതിയ വകഭേദം സ്ഥിരീകരിച്ചു. ഉയർന്ന മരണനിരക്കുള്ള ഈ വകഭേദം പടരാനുള്ള സാധ്യത കൂടുതലാണെന്ന് കോംഗോ ആരോഗ്യ മന്ത്രി മുന്നറിയിപ്പ് നൽകി. പുതിയ വകഭേദത്തിന് നിലവിൽ വാക്സിനുകളോ പ്രത്യേക ചികിത്സയോ ലഭ്യമല്ലെന്നും അദ്ദേഹം അറിയിച്ചു.

==================================================

## WHO- EBOLA OUTBREAK CONGO

ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിലും ഉഗാണ്ടയിലും പൊട്ടിപ്പുറപ്പെട്ട എബോള രോഗത്തെ പൊതുജനാരോഗ്യ അടിയന്തരാവസ്ഥയായി പ്രഖ്യാപിച്ച് ലോകാരോഗ്യ സംഘടന. 300-ലധികം സംശയാസ്പദമായ കേസുകളും 88 മരണങ്ങളും ഇതിനോടകം റിപ്പോർട്ട് ചെയ്യതിനെത്തുടർന്ന് WHO ഡയറക്ടർ ജനറൽ ടെഡ്രോസ് അദാനോം ഗെബ്രിയേസസാണ് തീരുമാനം പ്രഖ്യാപിച്ചത്. എന്നാൽ, COVID-19 മഹാമാരിക്ക് സമാനമായ അടിയന്തരാവസ്ഥാ മാനദണ്ഡങ്ങൾ ഈ പകർച്ചവ്യാധി പാലിക്കുന്നില്ലെന്ന് WHO സമൂഹ മാധ്യമ കുറിപ്പിൽ വ്യക്തമാക്കി.

=============================================

=============================================

=============================================